(ബി) ട്രൈബ്യൂണലുകൾ വിധി കല്പിച്ചവയിൽ മൊത്തം എത്ര എണ്ണം വിധി നടപ്പാക്കാനായി കാത്തു കിടപ്പുണ്ട് ; ഇതിൽ സർക്കാർ അനുകൂല വിധികൾ എത്രയെണ്ണം ;

(സി) നികുതി ഇടപാടുകൾ സംബന്ധിച്ച കേസ്സുകൾ തീർപ്പാക്കുന്നതിലും വിധി നടപ്പാക്കുന്നതിലുമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

വില്പന നികുതി അപ്പലേറ്റ് ട്രിബ്യൂണൽ വിധി നടപ്പാക്കാൻ അനുകൂലമായി വിധിച്ച വിധികൾ

18 (1813) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വില്പന നികുതി അപ്പലേറ്റ് ട്രിബ്യൂണൽ സർക്കാരിന് അനുകൂലമായി വിധിച്ച എത്ര വിധികൾ നടപ്പിലാക്കാതെ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഓരോ കേസുകളിൽ എത്ര തുക വീതം സർക്കാരിന് കിട്ടുവാനുണ്ടെന്ന് വിശദമാക്കാമോ ;

(സി) വ്യാപാരികൾക്കും വ്യവസായികൾക്കും അനുകൂലമായ ട്രിബ്യൂണൽ വിധി ഏതെങ്കിലും നടപ്പിലാക്കുവാൻ ഉണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇത് ഏതൊക്കെ കാലയളവിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി&ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ കോഴികൃഷിയ്ക്ക് സെയിൽസ്ടാക്സ് രജിസ്ട്രേഷൻ

19 (1814) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കോഴികൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ സെയിൽസ് ടാക്സ് രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ രജിസ്ട്രേഷൻ നൽകാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ ഒഴിവാക്കി രജിസ്ട്രേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലയിൽ 2002 ഫെബ്രുവരി മുതൽ 130 പേർ രജിസ്ട്രേഷന് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) 6 പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

(സി) കോഴികൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർ രജിസ്ട്രേഷൻ എടുത്തതിനുശേഷം വൻതോതിൽ നികുതി വെട്ടിപ്പ് നടത്തുന്നുണ്ടെന്ന് വിവരം ലഭിച്ചതുകൊണ്ട് രജിസ്ട്രേഷൻ സ്പെഷ്യൽ സർക്കിളുകളിൽ മാത്രം നൽകിയാൽ മതി എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ അപേക്ഷ ലഭിച്ചാൽ സ്പെഷ്യൽ സർക്കിൾ ആഫീസറും, ഇന്റലിജൻസ് ആഫീസറും അന്വേഷണം നടത്തുകയും മതിയായ രേഖകൾ സമർപ്പിക്കുകയും ചെയ്തതിനുശേഷം മാത്രമേ രജിസ്ട്രേഷൻ നൽകുകയുള്ളു. ഇത് പ്രധാനമായും നികുതി ചോർച്ച തടയുവാനാണ്. സ്വന്തമായി ഭൂമി കൈവശമുണ്ടെന്നും സ്വന്തം ഭൂമിയിലാണ് കോഴികൃഷി നടത്തുന്നതെന്നും തെളിയിക്കുന്നതിനുള്ള രേഖകളും മറ്റും ഹാജരാക്കാൻ വൈകുന്നതിനാലാണ് രജിസ്ട്രേഷൻ നൽകാൻ താമസം ഉണ്ടാകുന്നത്.

(ഡി) രജിസ്ട്രേഷൻ നൽകിയിട്ടില്ലാത്ത കേസ്സുകളിൽ തടസ്സങ്ങൾ പരമാവധി ഒഴിവാക്കി രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

കൊപ്പത്ത് ഒരു സബ്ട്രഷറി ആരംഭിക്കാൻ നടപടി

20 (1815) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽപ്പെട്ട കൊപ്പത്ത് ഒരു സബ്ട്രഷറി ആരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കൊപ്പത്ത് ഒരു സബ്ട്രഷറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly